ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് ആക്ട് പ്രകാരം നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നത് കുറ്റകരമാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തെരുവ് നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്ന നടപടി നിറുത്തിവച്ചിരിക്കുകയാണ്. എന്നാൽ തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയുന്നതിനുള്ള ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി.) നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിന് തിരുവനന്തപുരം നഗരസഭ 60 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ഇതിന്മേൽ മൃഗസംരക്ഷണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ അഭിപ്രായം അറിഞ്ഞാലുടൻ ഇത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനും ധനസഹായത്തിനുമായി അയച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2-8-2002-ലെ 34657/ഡി3/01/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം (1960 ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽ ആക്ട് പ്രകാരം) നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നത് കുറ്റകരമാണെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(എഫ്) ഉണ്ട്.

തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ നടപടി

85 (2208) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവു നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തെരുവ് നായ്ക്കളെ ഒഴിവാക്കുന്നതിന് പ്രതിബന്ധം സൃഷ്ടിക്കുന്ന തരത്തിൽ കേന്ദ്ര ഗവൺമെന്റ് ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആ നിർദ്ദേശങ്ങൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടോ ;

(ഡി) തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ എന്തെല്ലാം നടപടികളാണ് പരിഗണനയിലെന്ന് വ്യക്തമാക്കുമോ ;

(ഇ) ഫെഡറേഷൻ ഓഫ് റസിഡൻസ് അസോസിയേഷൻ ഇതുമായി ബന്ധപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) വളർത്തു നായ്ക്കൾക്കു മുഴുവൻ പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് നടത്താൻ വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1960-ലെ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു ആനിമൽസ് ആക്ട് പ്രകാരം നായ്ക്കളെ നശിപ്പിക്കുന്നത് കുറ്റകരമായതിനാലാണ് തെരുവ് നായ്ക്കളെ ഒഴിവാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം പ്രതിബന്ധം സൃഷ്ടിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) തെരുവു നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പാക്കുക, വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പും ലൈസൻസ് സംവിധാനവും നിർബന്ധമാക്കുക എന്നിവയാണ്.

(ഇ) ഉണ്ട്.

(എഫ്) തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടി പുനരാരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുന്നതിനായി 9-6-2003-ൽ തിരുവനന്തപുരം നഗരസഭ ബഹു. കേന്ദ്ര മന്ത്രി ശ്രീ. ഒ. രാജഗോപാലിന് നിവേദനം നൽകിയിട്ടുണ്ട്.

(ജി) ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

നഗരസഭകളിൽ എൽ.ഡി.സി./ബി.സി. തസ്തികകൾ

86 (2209) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ നഗരസഭകളിൽ എൽ.ഡി.സി./ബി.സി. ആയി എത്രപേർ ജോലി നോക്കുന്നു ;

(ബി) ഈ വിഭാഗത്തിൽ 2002, 2003 വർഷങ്ങളിൽ എത്ര റിട്ടയർമെന്റ് ഉണ്ട് ;

(സി) പ്രസ്തുത വിഭാഗത്തിൽ 2003-ൽ എത്ര പ്രൊമോഷൻ വേക്കൻസി ഉണ്ട് ;

(ഡി) വിവിധ പഞ്ചായത്തുകൾ നഗരസഭകളുമായി കൂട്ടിയോജിപ്പിച്ചപ്പോൾ എൽ.ഡി.സി./ബി.സി.കളുടെ എണ്ണം ആനുപാതികമായി കൂട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഇ) പ്രസ്തുത വിഭാഗത്തിൽ സംസ്ഥാനത്ത് ആകെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ എത്ര വ്യവഹാരങ്ങൾ ഇപ്പോൾ നിലവിലുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly